## കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ-ശിശു വികസന വകുപ്പ്- തീരദേശ മേഖലയിലെ സ്ത്രീ പഠനം പൂർത്തിയാക്കുന്നതിനും മൂന്നും നാലും ഗഡുക്കൾ അനുവദിച്ച് നല്കിയും ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനിതാ-ശിശു വികസന(ബി) വകുപ്പ്

**G.O.(Rt)271/2026/WCDD** **Dated,11/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52295 കാലാവധി : 31/03/2027

AS/WCD/26/52295

പരാമർശം:-

1. സ.ഉ.(സാധാ)നം.331/2025/ഡബ്ല്യുസിഡിഡി തീയതി. 17.07.2025.
2. വനിത ശിശു വികസന ഡയറക്ടറുടെ 18.05.2026-ലെ DWCD/2293/2024–WEC6 നമ്പർ കത്ത്.
3. 24.07.2026-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

<u>ഉത്തരവ്</u>

തീരദേശ മേഖലയിലെ സ്ത്രീ പഠനം നടത്തുന്നതിലേക്കായി CSES (Centre for Socio and Economic and Environment Studies) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിനും ആയതിലേക്കായി 19,42,525/- രൂപ 2025-2026 സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ വനിതാ-ശിശു വികസന ഡയറക്ടർ CSES എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ഡയറക്ടറുമായി കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. കരാർ വ്യവസ്ഥ പ്രകാരം കരാറിൽ ഒപ്പു വയ്ക്കുന്ന മുറയ്ക്ക് "ആദ്യ ഗഡുവായി പദ്ധതി ചെലവിന്റെ 30% വും, പ്രാരംഭ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ രണ്ടാം ഗഡുവായി പദ്ധതി ചെലവിന്റെ 20% വും കരട് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മൂന്നാം ഗഡുവായി പദ്ധതി ചെലവിന്റെ 30% വും ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതി ചെലവിന്റെ 20% വും

CSES (Centre for Socio and Economic and Environment Studies) എന്ന സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. CSES (Centre for Socio and Economic and Environment Studies) ന്റെ ആദ്യ ഗഡുവായി കരാർ തുകയുടെ 30% ആയ 582757/- രൂപയും CSES (Centre for Socio and Economic and Environment Studies) പഠനവുമായി ബന്ധപ്പെട്ട പ്രാരംഭ റിപ്പോർട്ട് ലഭ്യമാക്കുകയും തുടർന്ന് രണ്ടാം ഗഡുവായി കരാർ തുകയുടെ 20% ആയ 388506/ രൂപയും ഉൾപ്പെടെ പ്രസ്തുത പഠനത്തിനായി കരാർ തുകയുടെ 50% തുകയായ 9,71,263/ രൂപ CSES (Centre for Socio and Economic and Environment Studies) ക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ നിലവിൽ പ്രസ്തുത പഠനം പൂർത്തിയാക്കുവാൻ അനുവദിച്ച കാലാവധി 31.03.2026 അവസാനിച്ചുവെന്നും ടി സാഹചര്യത്തിൽ പ്രസ്തുത പഠനം തുടരുകയും അത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്ന സാഹചര്യത്തിൽ പഠനം പൂർത്തിയാക്കുന്നതിനു അനുവദിച്ച കാലാവധി 31.03.2027 വരെ ദീർഘിപ്പിച്ചു നൽകണമെന്നും കരാർ പ്രകാരം അനുവദിക്കേണ്ട മൂന്നും നാലും ഗഡുക്കളുടെ ആകെ തുകയായ 9,71,262 രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തിൽ 2235-02-103-68-02-34-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്നും വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2)24.07.2026-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പു യോഗത്തിൽ ടി ശിപാർശ അംഗീകരിച്ചിട്ടുണ്ട്.

(3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ തീരദേശ മേഖലയിലെ സ്ത്രീ പഠനം പൈലറ്റ് സ്റ്റഡി പൂർത്തിയാക്കുന്നതിനു അനുവദിച്ച കാലാവധി 31.03.2027 വരെ ദീർഘിപ്പിച്ചു നൽകിയും കരാർ പ്രകാരം അനുവദിക്കേണ്ട മൂന്നും നാലും ഗഡുക്കളുടെ ആകെ തുകയായ 9,71,262 രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തിൽ 2235-02-103-68-02-34-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

AS/WCD/26/52295

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-02-34-3-P-V | 9,71,262 | AS/WCD/26/52295 | 2027-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | തീരദേശ മേഖലയിലെ സ്ത്രീ പഠനം പൂർത്തിയാക്കുന്നതിന് ഭരണാനുമതി | 9,71,262 |
| ആകെ (ഒൻപത് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ) | | **9,71,262** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിതാ- ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വനിതാ-ശിശു വികസന (എ) വകുപ്പ്.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.11 06:08:12 +05:30

AS/WCD/26/52295